## ആദരാഞ്ജലികൾ



ഡോ. എ. കെ. ഏബ്രഹാം

**ല**ായം റോഡ്, അടങ്ങപ്പുറത്ത് **ഡോ. എ. കെ. ഏബ്രഹാം** (80) 15-08-2018 ൽ നിര്യാതനായി. 16-08-2018 ന് എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു. ഡോ. ഏബ്രഹാം, മലയാള മനോരമ ഡയക്ടർ ബോർഡ് അംഗവും, കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ (കേരളചാപ്റ്റർ) പ്രസിഡന്റുമായിരുന്നു.



പി. വി. ജോൺ

**ക**ടവന്ത്ര കെ. പി. വള്ളോൻ റോഡ്, ഗാന്ധി ലൈൻ പൂവത്തൂർ വലിയേഴത്ത് കുടുംബാംഗമായ **പി. വി. ജോൺ** (69) 19-08-2018 ൽ നിര്യാതനായി. 22-08-2018 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു. തന്റെ ഔദ്യോഗീക സേവനത്തിൽ നിന്ന് വിരമിച്ച ശേഷം കത്തീഡ്രൽ ഓഫീസ് മാനേജരായി സേവനമനുഷ്ഠിച്ച് വരികയായിരുന്നു.

## സ്നേഹനിധി സ്കോളർഷിപ്പ് വിതരണം

**ഭാ**ഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മക്കായി ആരംഭിച്ച സ്കോളർഷിപ്പ് വിതരണം **ആഗസ്റ്റ് മാസം 12-ാം തീയതി** ഞായാറാഴ്ച എറണാകുളം സെൻറ് മേരീസ് കത്തീഡ്രലിൽ നടത്തി. തിരുമേനിയെക്കുറിച്ചുള്ള അനുഗ്രഹ പ്രഭാഷണം ബഹു. ഒ. വി. ഏലിയാസ് അച്ചൻ നിർവ്വഹിച്ചു. ഏകദേശം 100 പള്ളികളിൽ നിന്ന് ലഭിച്ച അപേക്ഷകരിൽ നിന്ന് അർഹരായ 97 വിദ്യാർത്ഥികൾക്കായി പന്ത്രണ്ട് ലക്ഷം രൂപയോളം വിതരണം ചെയ്തു. ഇതിനായി സഹകരിച്ച ഇടവകാംഗങ്ങൾക്ക് നന്ദിയും പ്രത്യേക പ്രാർത്ഥനയും. സ്നേഹനിധിയിലേക്കുള്ള സംഭാവന കത്തീഡ്രൽ ഓഫീസിൽ സ്വീകരിക്കുന്നതാണ്.







## വിവാഹം



**ക**ടവന്ത്ര ഉദയനഗർ H.No.29 അരീക്കുഴിയിൽ ശ്രീ. എ. ടി. വർഗ്ഗീസിന്റെയും ശ്രീമതി മോളി വർഗ്ഗീസിന്റെയും മകൻ **പ്രവീൺ വർഗ്ഗീസും** തുമ്പമൺ വില്ലങ്കോട്ട് ശ്രീ. ജേക്കബ് വി. ഇസ്സാക്കിന്റെയും ശ്രീമതി ഷൈല ജേക്കബിന്റെയും മകൾ **ശ്രുതി റേച്ചൽ ജേക്കബും** തമ്മിലുള്ള വിവാഹം 27-08-2018 എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## പ്രാർത്ഥനാ യോഗങ്ങൾ

| St. George Unit (Kaloor Area) 02-09-2018 - 4 pm | St. Marys Unit (Central Area) 09-09-2018 - 4 pm | St. Thomas Unit (North-Pachalam Area) 16-09-2018 - 4 pm | St. Dionysius Unit (Vyttila-Maradu Area) 16-09-2018 - 4 pm | St. Gregorios Unit (Elamkulam-Kadavanthra Area) 23-09-2018 -4 pm |
|---|---|---|---|---|
| **ശ്രീ. എം. വി. പൗലോസ്,**<br>കുരിയൻപറമ്പിൽ (H)<br>പുത്തൻപുര റോഡ്<br>എളമക്കര പോലീസ്<br>സ്റ്റേഷന് സമീപം കൊച്ചി-26<br>Ph: 9037553608 | **ശ്രീ. ബിജോയ് കോശി ജോർജ്**<br>7 F ചാക്കോളാസ് വാട്ടർ സ്കേറ്റ്സ്<br>പണ്ഡിറ്റ് കറുപ്പൻ റോഡ്<br>തേവര ഫെറി, കൊച്ചി-13<br>Ph: 9633306057 | **ശ്രീമതി സുഷമ ജോസഫ്**<br>ഉദയഞ്ചേരിൽ (H)<br>കുരിശുപള്ളി ജംഗ്ഷൻ<br>ശാസ്ത്രീയ റോഡ്, വടുതല<br>കൊച്ചി-23, Ph: 9496521436 | **ശ്രീ. ജോയ് വർഗീസ്**<br>അക്കൽ (H), ഇഞ്ചക്കൽ<br>ഇ. എം. എസ് റോഡ്, മരട്<br>കൊച്ചി-682 304,<br>Ph: 8589819333 | **ശ്രീ. സാബു ചെറിയാൻ**<br>കീരംകുഴിയിൽ (H)<br>പാടം സ്റ്റോപ്പ്, കടവന്ത്ര<br>കൊച്ചി - 20<br>Ph: 6544277, Mob: 9388644777 |

**സംയുക്ത പ്രാർത്ഥനാ യോഗം** സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ 30-09-2018 4pm ന്
മുഖ്യ പ്രഭാഷണം റവ. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ (മലങ്കര സഭ മാസിക ചീഫ് എഡിറ്റർ)






Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490






# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 09 September 2018


# മലങ്കര ഓർത്തഡോക്സ് സഭയുടെ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത (80) കാലം ചെയ്തു



**സ**ഭയുടെ ചുമതലകളുമായി ബറോഡയിലായിരുന്ന മെത്രാപ്പോലീത്ത 25-08-2018 ൽ എറണാകുളം സൗത്ത് സ്റ്റേഷനിലിറങ്ങുന്നതിന് തൊട്ടുമുൻപ് കാലം ചെയ്യുകയായിരുന്നു. നെടുമ്പാശ്ശേരിയിൽ നിന്നുള്ള വിമാന സർവ്വീസ് താൽക്കാലികമായി നിർത്തിവെച്ച സാഹചര്യത്തിലാണ് ട്രെയിനിൽ മടങ്ങാൻ തീരുമാനിച്ചത്.

ഭൗതികശരീരം എറണാകുളം ജനറലാശുപത്രിയിൽ നിന്ന് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ കൊണ്ടുവന്നു. പൊതുദർശനത്തിനും പ്രാർത്ഥനകൾക്കും ശേഷം വിലാപയാത്രയായി അദ്ദേഹത്തിന്റെ ഭദ്രാസന ആസ്ഥാനമായ ചെങ്ങന്നൂർ അരമനയിൽ കൊണ്ടുവന്നു പൊതുദർശനത്തിന് വച്ചു. അന്നു രാത്രിയിൽ പുത്തൻകാവ് കത്തീഡ്രലിൽ പൊതുദർശനവും പ്രാർത്ഥനയും നടത്തി. പിറ്റേ ദിവസം ഓതറ ദയറയിൽ നടന്ന സംസ്കാര ശുശ്രൂഷകൾക്ക് പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതിയൻ കാതോലിക്ക ബാവയും സഭയിലെ മറ്റു മെത്രാപ്പോലീത്തമാരും നേതൃത്വം നൽകി.

1985 ൽ ചെങ്ങന്നൂർ ഭദ്രാസനം രൂപവത്ക്കരിച്ചത് മുതൽ, അദ്ദേഹമാണ് ഭദ്രാസനാധിപൻ. ഓർത്തഡോക്സ് സഭാ സിനഡ് സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിലും പരിപാലിക്കുന്നതിലും ഏറെ പങ്കുവഹിച്ചിട്ടുണ്ട്.

കാലംചെയ്ത പുത്തൻകാവ് കൊച്ചുതിരുമേനി എന്ന ഗീവർഗീസ് മാർ പീലക്സിനോസിന്റെ സഹോദരൻ ചെങ്ങന്നൂർ പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ കെ. ടി. തോമസിന്റെയും കോഴഞ്ചേരി തേവർവേലിൽ തെള്ളിരേത്ത് ഏലിയാമ്മയുടെയും മകനായി 1938 ഏപ്രിൽ മൂന്നിനായിരുന്നു ജനനം. പിതൃസഹോദരനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുമായി ഹൃദയ ബന്ധമായിരുന്നു തോമസ് മാർ അത്തനാസിയോസിനുണ്ടായിരുന്നത്. വലിയച്ചൻ പുത്തൻകാവിൽ തോമാകത്തനാരുടെ കൈപിടിച്ചു ചെറുപ്പത്തിൽ ദേവാലയത്തിൽ പോയിരുന്നതും അദ്ദേഹത്തിന്റെ ആത്മീയ ഉപദേശങ്ങൾ ചെലുത്തിയ സ്വാധീനവും വളരെ നിർണ്ണായകമായി.



ഭൗതികദേഹം സെൻറ് മേരിസ് കത്തീഡ്രലിൽ പൊതുദർശനത്തിന് വച്ചപ്പോൾ

ആലപ്പുഴയിലെ പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം കോട്ടയം എം. ടി. സെമിനാരി സ്കൂൾ, സി. എം. എസ്. കോളേജ്, എസ്. ബി. കോളേജ് ചങ്ങനാശ്ശേരി, എൻ. എസ്. എസ്. കോളേജ് ചങ്ങനാശ്ശേരി, സെറാംപൂർ കോളേജ് കോൽക്കത്ത, എം. എസ്. യൂണിവേഴ്സിറ്റി ബറോഡ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം.

വിഭ്യാഭ്യാസ മേഖലയിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. സഭയുടെ മിഷൻപ്രവർത്തനങ്ങളിലും നേതൃത്വം നൽകി. മഹാരാഷ്ട്ര, രാജസ്ഥാൻ, ഗുജറാത്ത് എന്നിവിടങ്ങളിൽ സഭ കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഇവിടങ്ങളിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും അദ്ദേഹം സ്ഥാപിച്ചു.

ഓർത്തോഡ്ക്സ് സഭാ സിനഡ് സെക്രട്ടറി, സഭാ സ്കൂളുകളുടെ മാനേജർ, അഖില മലങ്കര ബാലസമാജം പ്രസിഡന്റ്, അഖില മലങ്കര പ്രാർത്ഥനായോഗം പ്രസിഡന്റ്, സഭാ അക്കൗണ്ട്സ് കമ്മിറ്റി പ്രസിഡന്റ്, സഭാ ഫിനാൻസ് കമ്മിറ്റി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

നിലവിൽ സഭയുടെ വിഷ്വൽ മീഡിയ കമ്യൂണിക്കേഷൻസ് പ്രസിഡന്റ്, സഭാ പ്രസിദ്ധീകരണങ്ങളുടെ ചുമതലക്കാരൻ, അഖില മലങ്കര ഓർത്തഡോക്സ് ഗായക സംഘം പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചിരുന്നു.

ഗുജറാത്തിലെ ഭുജിൽ ഭൂകമ്പമുണ്ടായപ്പോൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഒരു ട്രക്ക് നിറയെ അരിയും, എണ്ണയും, ഗോതമ്പും മറ്റു ഭക്ഷണസാധനങ്ങളുമായി ആദ്യം രംഗത്തിറങ്ങിയവരിൽ ഒരാൾ തോമസ് മാർ അത്തനാസിയോസായിരുന്നു. മൃതദേഹങ്ങൾ വിറകു കിട്ടാതെ ടയറും മറ്റും ഉപയോഗിച്ചു കത്തിക്കുന്ന ദുസ്ഥിതിയാണ് എന്ന വാർത്തയറിഞ്ഞ്, വിറകും മറ്റും കരുതിയായിരുന്നു ആ യാത്ര.

കുട്ടികളെ ഏറെ സ്നേഹിച്ച തോമസ് മാർ അത്തനാസിയോസ് പത്താം ക്ലാസ്സിലടക്കമുള്ള വിദ്യാർത്ഥികളുടെ പേരുകളെഴുതി മദ്ബഹായിൽ സൂക്ഷിച്ചിരുന്നു. എല്ലാ കുർബ്ബാനയിലും വിദ്യാർത്ഥികളെ ഓർത്തു പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു. തിരുമേനിയുടെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം. ■

## എഡിറ്റോറിയൽ

# ഇത് കർത്താവിനുവേണ്ടി

നമ്മുടെ ജീവിതത്തിൽ കണ്ടിട്ടുള്ളതിലേക്കും വലിയ അത്യാഹിതമാണ് മഴയുടെ ആധിക്യം കാരണം ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യരുടെ ചിന്തക്ക് അപ്പുറമായ നാശനഷ്ട്ടങ്ങളും, ജീവഹാനിയുമാണ് സംഭവിക്കുന്നത്. ഭൂമിയുടെ ദുരുപയോഗമാണ് ഇങ്ങിനെയുള്ള അത്യാഹിതങ്ങൾക്ക് പ്രധാന കാരണമെങ്കലും, ഇതൊക്കെ ദൈവ നിശ്ചയമാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്. ഭൂമിയെ ഒരു തരത്തിലും ദുരുപയോഗിച്ചിട്ടില്ലായിരുന്നപ്പോഴും, ഇങ്ങിനെയുള്ള അത്യാഹിതങ്ങൾ ഉണ്ടായിരുന്നല്ലൊ. 99-ലെ വെള്ളപ്പൊക്കം (1924 AD) എങ്ങിനെയുണ്ടായി? അന്ന് ജനസംഖ്യ വളരെ കുറവായതിനാലായിരിക്കണം നാശനഷ്ട്ടങ്ങൾ കുറവായിരുന്നത്. അന്ന് മൂന്നാർ പോലുള്ള ചില സ്ഥലങ്ങൾ മുഴുവനായി നശിച്ചുപോയത് നമുക്കറിയാമല്ലൊ.

ഒന്നിലും വിശ്വാസമില്ലാതെയും, ആരെയും കൂസാതെയും വളർന്നു വരുന്ന ഒരു പുതു തലമുറയുണ്ട് നമ്മുടെയിടയിൽ. കാശുണ്ടെങ്കിൽ എന്തും സാധിക്കാമെന്ന് വിചാരിക്കുന്ന കുറച്ചാളുകളും. ഇങ്ങനെയുള്ളവരെ നല്ല മനുഷ്യരാക്കി രൂപാന്തരപ്പെടുത്താനുള്ള ദൈവത്തിന്റെ പദ്ധതികളിൽപ്പെട്ടതാണോ ഇത്തരത്തിലുള്ള അത്യാഹിതങ്ങളെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. എത്ര പണവും, സൗകര്യങ്ങളും, ആരോഗ്യവും എല്ലാമുണ്ടായാലും ഒറ്റ നിമിഷം കൊണ്ട് ഒന്നുമില്ലാതാവുന്നതും നാം കണ്ടു കഴിഞ്ഞു. നല്ല നിലയിൽ കഴിഞ്ഞിരുന്ന പലരും എല്ലാം നഷ്ടപ്പെട്ട് ഒന്നും സ്വന്തമില്ലാത്തവരുടെ ഒപ്പം ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന കാഴ്ചയും നാം കണ്ടു. അയൽക്കാരായുള്ള ധനവാനെയും, ദരിദ്രനെയും മലവെള്ളപ്പാച്ചിലിനു തിരിച്ചറിയാൻ പറ്റുകയില്ലല്ലൊ.

യുദ്ധക്കെടുതിയിൽപ്പെട്ട് ചിലയിടങ്ങളിൽ പട്ടിണി മൂലം ഭക്ഷണ സാധനങ്ങൾക്ക് ശണ്ഠ കൂടുന്നത് ടി വി യിൽ മാത്രം കണ്ടിട്ടുള്ള നാം, അത്തരം കാഴ്ചകൾ നേരിട്ടു കാണുവാനിടയായതും മറക്കുകയില്ലല്ലോ. ഇതിൽ നിന്നൊക്കെ മനസ്സിലാക്കേണ്ടത് ദൈവഭയവും, പരസ്പ്പരസ്നേഹവും, കരുതലും എല്ലായ്പ്പോഴും കാത്തുകൊള്ളണമെന്നാണ്. വിദ്വേഷവും, ശത്രുതയും, അസൂയയും മറ്റും, അടുത്ത നിമിഷത്തിൽ ജീവിതമുണ്ടോ എന്ന് പോലും അറിയാത്തവർക്ക് ഭൂഷണമാകുകയില്ല. ഒരു തുണ്ടു ഭൂമിക്കുവേണ്ടിയും, സ്വത്തവകാശത്തിനായും മല്ലടിക്കുകയും, കൊലപാതകങ്ങൾ വരെ നടത്തുകയും ചെയ്യുന്ന സഹോദരങ്ങൾ, കുടുംബങ്ങൾ, ഇടവകകൾ, സഭകൾ എന്നു വേണ്ട, രാജ്യങ്ങൾ തമ്മിൽ പോലും അനുരഞ്ജനത്തിന്റെ പാതയൊരുങ്ങണമെങ്കിൽ ഇപ്പോൾ നമ്മിൽ പലരും അനുഭവിക്കുന്ന തരത്തിലുള്ള അപകടങ്ങൾ കൂടിയേ കഴിയുകയുള്ളോ? സ്വസഹോദരങ്ങളെ അന്യരായി കാണാതെ, ഇപ്പോൾ കാട്ടുന്ന ഈ സൗഹൃദവും, സ്നേഹവും, കരുണയും, സഹകരണവും തുടർന്ന് കൊണ്ടുപോകുവാൻ ഇത്തരം സന്ദർഭങ്ങൾക്കായി കാത്തിരിക്കണമോ ?

ക്രൈസ്തവരെ തിരിച്ചറിയേണ്ടത് അവരുടെ പെരുമാറ്റവും, സ്വഭാവവും കൊണ്ടായിരിക്കണം. നാം എന്തു ചെയ്യുമ്പോഴും 'മനുഷ്യർക്കെന്നല്ല കർത്താവിന് എന്ന പോലെ മനസ്സോടെ ചെയ്‌വിൻ' (കൊലോ.3 :23 ) എന്ന ബോധമുണ്ടെങ്കിൽ ഇത്തരം പരീക്ഷണങ്ങളെ നേരിടേണ്ടിവരുകയില്ലെന്ന് നമുക്കാശ്വസിക്കാം. പൂർണ്ണമായ ദൈവ വിശ്വാസമുള്ളവർക്ക്, ഇപ്പോൾ നാം അനുഭവിക്കുന്നതുപോലെയുള്ള വൻ പരീക്ഷകളുണ്ടാകുമ്പോൾ അതിൽ നിന്ന് കരകയറാനുള്ള ധൈര്യവും ആത്മവിശ്വാസവും ദൈവം നൽകുമെന്നു നിശ്ചയമാണ് . ■

## ഇടയ ലേഖനം

# കഷ്ടകാലത്തു തുണ



ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

സങ്കീ 91 : 15 'കഷ്ടകാലത്തു ഞാൻ അവനോടു കൂടെയിരിക്കും'

കേരള ചരിത്രത്തിൽ ഏറെ കാണാനില്ലാത്തതും, അത്യപൂർവ്വവുമായ ഒരു പ്രളയവും ദുരിതവുമാണ് ഇന്ന് നമുക്ക് ചുറ്റും. നേടിയതെല്ലാം നഷ്ടപ്പെട്ടും, ഭക്ഷണമില്ലാതെയും കിടപ്പാടം മണ്ണിനടിയിലമർന്നും, നൂറുകണക്കിന് മനുഷ്യരും, നാൽക്കാലികളും പെട്ടുപോകുന്നതും, മനസ്സാക്ഷിയെ ഏറെ നൊമ്പരപ്പെടുത്തുന്നതാണ്. ഇത്തരം പ്രകൃതിക്ഷോഭങ്ങൾ, സ്വാഭാവികമോ മനുഷ്യനിർമ്മിതമോ ആകാം. അതേക്കുറിച്ചെല്ലാം ഇനി പഠനങ്ങളും ചർച്ചകളുമുണ്ടാകും. അത് നടക്കട്ടെ. പല പഠനങ്ങളിൽ നിന്നും മനുഷ്യൻ (വിശേഷാൽ ഇന്ത്യക്കാർ) പാഠം ഉൾക്കൊള്ളുന്നില്ല എന്ന സത്യം നിൽക്കുകയും ചെയ്യുന്നു!

എന്നാൽ ഇപ്പോൾ വേണ്ടത്, അത്തരം ചർച്ചകളും, പഴിചാരലുമല്ല. മനുഷ്യൻ പ്രാണരക്ഷാർത്ഥം നിലവിളിക്കുകയും, പട്ടിണി കിടക്കുകയും, ദുരിതക്കയത്തിൽ മുങ്ങുകയും ചെയ്യുന്ന രംഗത്ത്, മറ്റുപരിഗണനകളെല്ലാം മാറ്റിവച്ച്, അടിയന്തിര ഇടപെടലുകളാണുണ്ടാകേണ്ടത്. അത്തരം സാമൂഹ്യ ഇടപെടലുകൾ ഉണ്ടാകുന്നു എന്നത് അഭിമാനകരമാണ്. സർക്കാർ സംവിധാനങ്ങൾക്കുമാത്രം ഈ മഹാദുരന്തത്തെ നേരിടാൻ സാദ്ധ്യമല്ലല്ലോ.

വെള്ളമിറങ്ങിക്കഴിഞ്ഞാണ് 'പുനരധിവാസം' എന്ന രണ്ടാംഘട്ടം ആരംഭിക്കേണ്ടത്. മനുഷ്യരുടെ നിസ്സഹായത മറനീക്കി പുറത്തുവരുന്ന രംഗങ്ങൾ ഇന്നു സുലഭം . വേദനക്ക് ജാതി , മത, ഭാഷ, ഭേദങ്ങളൊന്നുമില്ല. ഇക്കാര്യത്തിൽ കേരളം ഒരു മാതൃക തന്നെയാണ്. പ്രത്യേകാൽ യുവജനങ്ങൾ അരയും തലയും മുറുക്കി, ദുരന്തത്തിലായവരെ രക്ഷിക്കാൻ ജീവൻ പോലും ബലി കഴിച്ചു ശ്രമിക്കുന്നുണ്ട്. കേരളത്തിനു പുറത്തുള്ള മലയാളികളും, അല്ലാത്തവരുമായവർ ഈ മഹാരക്ഷാപ്രവർത്തനത്തിൽ പങ്കാളികളാകുന്നു എന്നത്, മനുഷ്യമനസ്സാക്ഷി ഇനിയും മരിച്ചിട്ടില്ല എന്നതിന്റെ നിദർശനമാണ്. ദേവാലയങ്ങളും, വിദ്യാലയങ്ങളും, വീടുകളുമെല്ലാം ദുരിത ബാധിതർക്കുവേണ്ടി തുറക്കപ്പെടട്ടെ. അങ്ങിനെ 'ദൈവത്തിന്റെ സ്വന്തം നാടായി' കേരളം നിൽക്കട്ടെ.

മനുഷ്യന്റെ ആവശ്യവും വേദനയും, തന്റേതായി ദൈവം ഏറ്റുവാങ്ങുന്നു. ദുരിതത്തിൽപ്പെട്ടവർക്കുവേണ്ടി നൽകുമ്പോൾ, യഥാർത്ഥത്തിൽ, 'ദുരിത'ത്തിൽപ്പെട്ട ക്രിസ്തുവിനെയത്രേ ശുശ്രൂഷിക്കുന്നത്. നിസ്സഹായരുടെ പ്രയാസങ്ങൾ, തന്റേതായി അവൻ ഏറ്റുവാങ്ങുന്നുവല്ലോ. ഇപ്പോൾ വേണ്ടത് വാക്കുകളല്ല , പ്രവർത്തനമാണ്. ബൈബിൾ ഇങ്ങിനെ പറയുന്നു...

'ശക്തരായ നാം, അയൽക്കാരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽത്തന്നെ പ്രസാദിക്കാതിരിക്കുകയും വേണം' (റോമർ 15:1). ഒരുത്തനു മനസ്സൊരുക്കം ഉണ്ടെങ്കിൽ പ്രാപ്തിയില്ലാത്തതുപോലെയല്ല, പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ അവനു ദൈവ പ്രസാദം ലഭിക്കും. (2 കൊരി. 8 :12). ■

## വിശേഷ ദിവസങ്ങൾ

സെപ്റ്റംബർ

| | |
|---|---|
| 1 ശനി | എട്ടുനോമ്പ് ആരംഭം |
| 2 ഞായർ | മദ്ധ്യസ്ഥ പ്രാർത്ഥന ദിനം |
| 8 ശനി | വി.ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ (എട്ടുനോമ്പ് വീടൽ) |
| 14 വെള്ളി | സ്ലീബാ പെരുന്നാൾ |
| 15 ശനി | മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 106-ാം വാർഷികം |



PARISH NEWS

# പ്രളയ ദുരിതർക്ക് കൈത്താങ്ങായി കത്തീഡ്രൽ

കേരളത്തെ നടുക്കിയ ഈ നൂറ്റാണ്ടു കണ്ട ഏറ്റം വലിയ ദുരന്തത്തിന് ഇരയായവർക്കു സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സഹായഹസ്തം നീട്ടുകയുണ്ടായി. എറണാകുളം പട്ടണത്തിൽ ആദ്യം തുടങ്ങിയ റിലീഫ് ക്യാമ്പിലൊന്നായ കച്ചേരിപ്പടി സെന്റ് ആന്റണീസ് ഹൈസ്കൂളിൽ അത്യാവശ്യം വേണ്ട സ്റ്റീൽ പാത്രങ്ങൾ, പായ, ലുങ്കി, ബെഡ് ഷീറ്റ്, നൈറ്റി, പേപ്പർ പ്ലേറ്റ്, ഭക്ഷണ സാധനങ്ങൾ, എന്നിവയും ഇടവക മാനേജിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നൽകുകയുണ്ടായി. സെന്റ് തെരേസാസ് ഹൈസ്കൂളിൽ നടത്തിയ ക്യാമ്പിലും നിരവധി സാധനങ്ങൾ നൽകുകയുണ്ടായി. ഇടവകാംഗങ്ങൾ ശനിയാഴ്ച മുതൽ ക്യാമ്പുകളിലെ ഉപയോഗത്തിന് നിത്യോപയോഗസാധനങ്ങൾ പള്ളിയിൽ എത്തിക്കുകയുണ്ടായി.

ഓഗസ്റ്റ് 18 ശനിയാഴ്ച, രണ്ടു ദിവസമായി ഭക്ഷണം ലഭ്യമില്ലാതെ ഒറ്റപ്പെട്ടു കിടന്ന ചെറായിലുള്ള ഇരുപതു കുടുംബങ്ങളിൽപ്പെട്ട അറുപതിലധികം ആളുകൾക്ക് ഭക്ഷണം, കുടിവെള്ളം എന്നിവ നൽകുകയുണ്ടായി. അന്നേ ദിവസം വൈറ്റില സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ ആരംഭിച്ച ക്യാമ്പിലേക്കും, ചെറായി രാമവർമ്മ സ്കൂളിലേക്കും OCYM ന്റെ നേതൃത്വത്തിൽ ആവശ്യസാധനങ്ങൾ എത്തിച്ചുകൊടുത്തു. അതിലുപരി, പ്രളയത്തിൽ ഒറ്റപ്പെട്ടുപോയ വൃദ്ധരായ അപ്പച്ചനെയും, അമ്മച്ചിയേയും കത്തീഡ്രൽ OCYM പ്രവർത്തകർ രക്ഷിച്ചു ക്യാമ്പിലെത്തിക്കുകയുണ്ടായി. വടുതല ഡോൺ ബോസ്ക്കോ സ്കൂളിൽ കുപ്പിവെള്ളവും, തലയോലപ്പറമ്പ് ക്യാമ്പിൽ ഉരുളക്കിഴങ്ങ്, സവാള, ക്യാബേജ് എന്നിവയും എത്തിച്ചു കൊടുക്കുവാൻ സാധിച്ചു. കൂടാതെ ചെമ്പുമുക്ക് മേരിമാതാ സ്കൂൾ ക്യാമ്പിലേക്ക് ബേക്കറി സാധനങ്ങളും, കുടി വെള്ളവും വിതരണം നടത്തി.

പ്രളയക്കെടുതിയിൽ അകപ്പെട്ടു ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർ വീട്ടിലേക്ക് എത്തുമ്പോൾ നൽകുവാനായി അഞ്ച് കിലോ അരി, പയർ, കടല, പരിപ്പ്, പഞ്ചസാര, ലുങ്കി, ബെഡ് ഷീറ്റ്, തോർത്ത്, നൈറ്റി, തേയിലപ്പൊടി, സോപ്പ്, ബ്ലീച്ചിങ് പൌഡർ, ടൂത്ത് ബ്രഷ്, ടൂത്ത് പേസ്റ്റ്, ബക്കറ്റ്, മഗ്, സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്, ക്ലോറിൻ ടാബ്ലെറ്റ്സ്, നോട്ട് ബുക്ക്, പേന, ഡസ്റ്റ് പാൻ, ഫ്ളോർ സ്ക്രബ്ബർ, കുടി വെള്ളം, സോപ്പ് പൌഡർ, ബിഗ് ഷോപ്പർ ബാഗ് തുടങ്ങി 25 ഓളം ആവശ്യസാധനങ്ങൾ അടങ്ങിയ 300 റിലീഫ് കിറ്റുകൾ കത്തീഡ്രൽ ഹാളിൽ വിതരണത്തിന് തയ്യാറാക്കി. ഇവ തയ്യാറാക്കിയത് ഇടവക മാനേജിങ് കമ്മിറ്റി അംഗങ്ങൾ, മർത്തമറിയം വനിതാ സമാജാംഗങ്ങൾ, OCYM, MGOCSM, ഏതാനും ഇടവകാംഗങ്ങൾ, എന്നിവർ ചേർന്ന് ഓഗസ്റ്റ് 23നായിരുന്നു.

തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ആകസ്മികമായ ദേഹവിയോഗം മൂലം മാറ്റിവെക്കപ്പെട്ട റിലീഫ് കിറ്റ് വിതരണം ഓഗസ്റ്റ് 28 ന് ബഹു: വികാരിയുടെ നേതൃത്വത്തിൽ, കിറ്റ് തയ്യാറാക്കിയ സംഘം പറവൂർ മേഖലയിലെ സി. പി. തുരുത്തിൽ 250 ഓളം കുടുംബങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. ഇതേവരെ ഒരു സഹായവും എത്തിപ്പെടാത്ത ഈ സ്ഥലത്തെ കുടുംബങ്ങൾക്ക് സഹായം എത്തിക്കാൻ കഴിഞ്ഞു എന്നത് വളരെ കരുണീയമായ സംഗതിയാണ്.










ഈ സഹായ ഉദ്യമത്തിന് സാമ്പത്തികമായും, വിവിധ സാധനങ്ങൾ തന്നും, പ്രവർത്തനങ്ങളിൽ പ്രാർത്ഥനാപൂർവ്വം പങ്കു ചേർന്ന എല്ലാവരോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുകയും, എല്ലാവരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെയെന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ■

## നിര്യാതരായി



അയ്യപ്പൻകാവ് കെ. ആർ പങ്കജാക്ഷൻ റോഡ്, ചുങ്കത്ത് **സി. ഐ. വർഗീസ്** (74) 04-08-2018 ൽ നിര്യാതനായി. 05-08-2018 ന് അർത്താറ്റ് സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സെമിത്തേരിയിൽ അടക്കം ചെയ്തു.

ചമ്പക്കര, ഹരിത നഗർ CRA-67, കൊള്ളന്നൂർ, **കെ. സി. ബേബി** (75) 18-08-2018 ൽ നിര്യാതനായി. 20-08-2018 ന് എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



എളംകുളം ഫാത്തിമ ജംഗ്ഷൻ ചീരൻ **ഗ്രേസ് ജോസഫ്** (88) 18-08-2018 ൽ നിര്യാതയായി. 20-08-2018 ന് മുളന്തുരുത്തി മാർത്തോമ്മൻ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## പ്രതിമാസ ധ്യാനം

**പ്രതിമാസ ധ്യാനം സെപ്തംബർ 14-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു നടത്തപ്പെടും.**

Parish Members and their children who are staying out side Kerala may submit their email ID through - <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Sep 09 - 07.00 am, Sep 16 - 10.00 am, Sep 23 - 07.00 am, Sep 30 - 10.00 am, Oct 07 - 07.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Sep 16 - 07.30 am, Sep 30 - 07.30 am |

എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am

## വാങ്ങിപ്പു പെരുന്നാൾ





പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ ആഗസ്റ്റ് 14, 15 തീയതികളിൽ പൂർവ്വാധികം ഭംഗിയായി നടത്തി. പെരുന്നാൾ ശുശ്രൂഷകൾക്ക് കോട്ടയം പഴയ സെമിനാരി മുൻ മാനേജർ വന്ദ്യ. സക്കറിയ റമ്പാൻ നേതൃത്വം നൽകി. വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം നേർച്ചകാഴ്ചകളോടെ പെരുന്നാളിൽ സംബന്ധിക്കുകയുണ്ടായി. പെരുന്നാളിന് പ്രഭാത ഭക്ഷണം നേർച്ചയായി കെ. വി. മാത്യു & മറിയാമ്മ മാത്യു, കുഴിവേലിൽ, പുല്ലേപ്പടി നൽകുകയുണ്ടായി.

## ഇംഗ്ലീഷ് കുർബ്ബാന

**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്**